# പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങൾ, 2016

(വിജ്ഞാപനം നം. ജി.എസ്.ആർ 320(ഇ)

തിയതി 18–03–2016)

## സംക്ഷിപ്തം

## കൈപ്പുസ്തകം




തയ്യാറാക്കിയത്

സി.എസ്.സന്തോഷ്

# പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങൾ, 2016
# Plastic Waste Management Rules, 2016

## ആമുഖം

അതിവേഗത്തിലുള്ള നഗരവൽക്കരണവും വികസനവും പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുവാനും അതുവഴി പ്ലാസ്റ്റിക് മാലിന്യങ്ങൾ വർദ്ധിക്കുവാനും ഇടയാക്കിയിട്ടുണ്ട്. അഴുകാത്ത പ്ലാസ്റ്റിക്ക് മാലിന്യത്തിന് ആയിരക്കണക്കിന് വർഷങ്ങൾ ഭൂമിയിൽ അവശേഷിക്കുന്നതിനുള്ള ശേഷിയുള്ളതിനാൽ അവ കുറവു ചെയ്യുന്നതിനും പുനരുപയോഗിക്കുന്നതിനും പുനചംക്രമണം നടത്തുന്നതിനും ശ്രദ്ധ വേണ്ടതാണ്. മൂന്നോ നാലോ തവണ പ്ലാസ്റ്റിക്, പുനചംക്രമണം ചെയ്ത് ഉപയോഗിക്കാവുന്നതാണ്. പ്ലാസ്റ്റിക് കത്തിക്കുന്നതുമൂലം അപകടകരമായ രീതിയിൽ വായു മലിനീകരണം ഉണ്ടാകുമെന്നതിനാൽ ആ രീതിയും പ്രായോഗികമല്ല. പ്ലാസ്റ്റിക് മാലിന്യത്തിന്റെ നിയന്ത്രണം കർശനമാക്കുന്നതിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കും പ്രാദേശിക സർക്കാരുകൾക്കും ഉൽപാദകർക്കും ഉപഭോക്താക്കൾക്കും വലിയ പങ്ക് വഹിക്കുവാനുണ്ട്. ഇത്തരമൊരു സാഹചര്യത്തിലാണ് പ്ലാസ്റ്റിക്ക് മാലിന്യങ്ങളുടെ ഫലപ്രദമായ നിയന്ത്രണത്തിനായി കേന്ദ്ര സർക്കാർ, 1986 ലെ പരിസ്ഥിതി(സംരക്ഷണ) നിയമത്തിലെ (Environment (Protection) Act, 1986) 3, 6, 25 വകുപ്പുകളിലെ അധികാരം വിനിയോഗിച്ചു കൊണ്ട് **പുതിയ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങൾ, 2016** പുറപ്പെടുവിച്ചിട്ടുള്ളത്.

നോട്ടിഫിക്കേഷൻ നം. ജി.എസ്.ആർ 320(ഇ) തിയതി 18-03-2016 പ്രകാരം ചട്ടങ്ങൾ നിലവിൽ വന്നു.

**പ്ലാസ്റ്റിക് മാലിന്യ(നിയന്ത്രണവും കൈകാര്യവും) ചട്ടങ്ങൾ, 2011 (Plastic Waste (Management and Handling) Rules, 2011)** ആണ് ഇതിനു മുമ്പ് നിലവിലുണ്ടായിരുന്നത്.

ചട്ടങ്ങളിലെ പ്രധാന നിബന്ധനകൾ താഴെ ചേർക്കുന്നു.

## മാലിന്യ ഉൽപാദകർ

- പ്ലാസ്റ്റിക് മാലിന്യം പുറംതള്ളുന്ന ഓരോ വ്യക്തിയും/വ്യക്തികളുടെ ഗ്രൂപ്പ്/സ്ഥാപനം.
- താമസ കേന്ദ്രങ്ങളും ഇന്ത്യൻ റെയിൽവേയ്സ്, എയർപോർട്ട്, പോർട്ട്, ഹാർബർ, പ്രതിരോധ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള വാണിജ്യ സ്ഥാപനങ്ങളും.

## മാലിന്യ നിയന്ത്രണം

✓ **പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുക, സംഭരിക്കുക, വാഹനത്തിൽ കടത്തിക്കൊണ്ടു പോവുക, കുറവു ചെയ്യുക, പുനരുപയോഗിക്കുക, വീണ്ടെടുക്കുക, പുനചംക്രമണം നടത്തുക, പരിസ്ഥിതിക്ക് ഹാനികരമല്ലാത്ത വിധത്തിൽ കയ്യൊഴിക്കുക.**

## പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങൾ ബാധകമായിട്ടുള്ളവർ

- പ്ലാസ്റ്റിക് മാലിന്യ ഉൽപാദകർ, പ്ലാസ്റ്റിക് നിർമ്മാതാക്കൾ, ഇറക്കുമതിക്കാർ, ബ്രാന്റ് ഉടമകൾ, ചില്ലറ വിൽപ്പനക്കാർ, തെരുവ് കച്ചവടക്കാർ, സംസ്കരണം നടത്തുന്നവർ മുതലായവർക്ക് ചട്ടങ്ങൾ ബാധകമാണ്.
- മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശ സ്ഥാപനങ്ങൾ എന്നിവർക്ക് ചട്ടങ്ങൾ പ്രകാരം വിവിധ അധികാരങ്ങളും നൽകിയിട്ടുണ്ട്.

## പ്രധാന നിബന്ധനകൾ (ചട്ടം 4)

- **പ്ലാസ്റ്റിക് ക്യാരി ബാഗുകൾ 50 മൈക്രോണിൽ കുറയുവാൻ പാടുള്ളതല്ല.**
- കംപോസ്റ്റ് ചെയ്യാവുന്ന പ്ലാസ്റ്റിക്കിന് കനം സംബന്ധിച്ച നിബന്ധന ബാധകമല്ല.
- സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള രജിസ്ട്രേഷൻ ഇല്ലാതെ പ്ലാസ്റ്റിക് നിർമ്മാതാക്കൾ ഉപോൽപ്പന്നങ്ങൾ നിർമ്മിക്കുന്നവർക്ക് പ്ലാസ്റ്റിക് നൽകുവാൻ പാടുള്ളതല്ല.
- **ഗട്ക്ക, പുകയില, പാൻ മസാല എന്നിവ ശേഖരിക്കുന്നതിനോ പാക്ക് ചെയ്യുന്നതിനോ വിൽക്കുന്നതിനോ പ്ലാസ്റ്റിക് കൊണ്ടുള്ള കവറുകൾ ഉപയോഗിക്കുവാൻ പാടുള്ളതല്ല.**
- പ്ലാസ്റ്റിക് റീസൈക്ലിംഗ് നടത്തുന്നത് നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ച് ആയിരിക്കേണ്ടതാണ്.

## നഗര തദ്ദേശ സ്ഥാപനങ്ങളിലെ (ULB-Urban Local Bodies) പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണം (ചട്ടം 5)

- പുനചംക്രമണം ചെയ്യാവുന്ന പ്ലാസ്റ്റിക് മാലിന്യം, പ്ലാസ്റ്റിക് പുനചംക്രമണം ചെയ്യുന്നതിനുള്ള രജിസ്ട്രേഷൻ ഉള്ളവർക്ക് നൽകുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യേണ്ടതാണ്.

- പ്ലാസ്റ്റിക് മാലിന്യം, പ്രത്യേകിച്ച്, പുനചംക്രമണം ചെയ്യുവാൻ സാധിക്കാത്തവ, റോഡ് നിർമ്മാണത്തിനോ ഊർജ്ജോൽപാദനത്തിനോ ഇന്ധന എണ്ണ ഉൽപാദിപ്പിക്കുന്ന തിനോ ഉപയോഗപ്പെടുത്തുന്നത് പ്രോൽസാഹിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ മലി നീകരണ നിയന്ത്രണ നിബന്ധനകൾ പാലിക്കേണ്ടതാണ്.
- തെർമോ സെറ്റ് പ്ലാസ്റ്റിക് മാലിന്യം സംസ്കരിക്കുന്നതും കയ്യൊഴിക്കുന്നതും കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ കാലാകാലങ്ങളിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചായിരിക്കേണ്ടതാണ്.

## തദ്ദേശ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തം (ചട്ടം 6)

1. പ്ലാസ്റ്റിക് മാലിന്യം വേർതിരിക്കുക, ശേഖരിക്കുക, സംഭരിക്കുക, വാഹനങ്ങളിൽ കട ത്തിക്കൊണ്ടു പോവുക, സംസ്കരിക്കുക, കയ്യൊഴിക്കുക എന്നീ പ്രവർത്തന ങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യം സ്വന്തം നിലയ്ക്കോ മറ്റ് ഏജൻസികൾ മുഖേനയോ ഏർപ്പെടുത്തുക.
2. മാലിന്യ നിയന്ത്രണ സംവിധാനത്തിന്റെ സജ്ജീകരണത്തിനും പ്രവർത്തനത്തിനും ഏകോപനത്തിനും താഴെ പറയുന്ന അനുബന്ധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് തദ്ദേശ സ്ഥാപനത്തിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതാണ്.
   - പ്ലാസ്റ്റിക് മാലിന്യം വേർതിരിക്കൽ, ശേഖരിക്കൽ, സംഭരിക്കൽ, വാഹനങ്ങളിൽ കടത്തിക്കൊണ്ടു പോകൽ, സംസ്കരണം, കയ്യൊഴിക്കൽ എന്നിവ ഉറപ്പാക്കുക.
   - പരിസ്ഥിതിക്ക് ഹാനികരമാകുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.
   - പുനചംക്രമണം നടത്താവുന്ന പ്ലാസ്റ്റിക് മാലിന്യം, പുനചംക്രമണം നടത്തുന്ന വർക്ക് നൽകുന്നുന്നതിനുള്ള ക്രമീകരണം നടത്തുക.
   - പുനചംക്രമണം നടത്തുവാൻ സാധിക്കാത്ത പ്ലാസ്റ്റിക്ക് മാലിന്യത്തിന്റെ സംസ്കര ണവും കയ്യൊഴിക്കലും കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമാണന്ന് ഉറപ്പാക്കുക.
   - എല്ലാ സ്റ്റേക്ക് ഹോൾഡർമാർക്കിടയിലും അവരുടെ ഉത്തരവാദിത്തങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുക.
   - പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നവർക്ക് പൊതു സമൂഹത്തിന്റേയും ഗ്രൂപ്പുക ളുടേയും സഹകരണം ഉണ്ടെന്ന് ഉറപ്പാക്കുക.
   - പ്ലാസ്റ്റിക് മാലിന്യം പൊതു സ്ഥലങ്ങളിൽ കത്തിക്കുന്നില്ല എന്ന് ഉറപ്പാക്കുക.

3. പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണത്തിനുള്ള സംവിധാനം നടപ്പാക്കുന്നതിനായി തദ്ദേശ സ്ഥാപനത്തിന് നിർമ്മാതാക്കളുടെ സഹായം തേടാവുന്നതാണ്. പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങൾ നിലവിൽ വന്ന് ഒരു വർഷത്തിനകം അത്തരത്തിലുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
4. പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങളിലെ നിബന്ധനകൾ ഉൾപ്പെടുത്തി തദ്ദേശ സ്ഥാപനം ബൈലോ രൂപീകരിക്കേണ്ടതാണ്.

## ഗ്രാമപഞ്ചായത്തിന്റെ ചുമതലകൾ (ചട്ടം 7)

ഗ്രാമപ്രദേശങ്ങളിലെ മാലിന്യ നിയന്ത്രണ സംവിധാനത്തിന്റെ സജ്ജീകരണത്തിനും പ്രവർത്തനത്തിനും ഏകോപനത്തിനും താഴെ പറയുന്ന അനുബന്ധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള ഉത്തരവാദിത്തം ഓരോ ഗ്രാമപഞ്ചായത്തും സ്വന്ത്രം നിലയ്ക്കോ ഏജൻസികൾ മുഖേനയോ നടപ്പാക്കേണ്ടതാണ്.

- പ്ലാസ്റ്റിക് മാലിന്യം വേർതിരിക്കൽ, ശേഖരിക്കൽ, സംഭരിക്കൽ, വാഹനങ്ങളിൽ കടത്തിക്കൊണ്ടു പോകൽ, റീസൈക്കിൾ ചെയ്യാവുന്ന പ്ലാസ്റ്റിക് മാലിന്യം റീസൈക്കിൾ ചെയ്യുന്നതിനുള്ള രജിസ്ട്രേഷൻ ഉള്ളവർക്ക് നൽകുന്നതിനുള്ള ഏർപ്പാട് ചെയ്യുക.
- പരിസ്ഥിതിക്ക് ഹാനികരമാകുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.
- എല്ലാ സ്റ്റേക്ക് ഹോൾഡർമാർക്കിടയിലും അവരുടെ ഉത്തരവാദിത്തങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുക.
- പ്ലാസ്റ്റിക് മാലിന്യം പൊതു സ്ഥലങ്ങളിൽ കത്തിക്കുന്നില്ല എന്ന് ഉറപ്പാക്കുക.

## മാലിന്യ ഉൽപാദകരുടെ ഉത്തരവാദിത്തം (ചട്ടം 8)

### 1. പ്ലാസ്റ്റിക് മാലിന്യം കുറവു ചെയ്യൽ, വേർതിരിക്കൽ, കയ്യൊഴിക്കൽ

- പ്ലാസ്റ്റിക് മാലിന്യം പരമാവധി കുറവു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- പ്ലാസ്റ്റിക് മാലിന്യം വലിച്ചെറിയാതെ ഉടവിടത്തിൽവെച്ചുതന്നെ വേർതിരിക്കുകയും അവ തദ്ദേശ സ്ഥാപനത്തിനോ, ഏജൻസിക്കോ, രജിസ്റ്റർ ചെയ്തിട്ടുള്ളവർക്കോ കൈമാറുക.

## 2. സ്ഥാപനതല പ്ലാസ്റ്റിക് മാലിന്യം

എല്ലാ സ്ഥാപനങ്ങളും പ്ലാസ്റ്റിക് മാലിന്യം വേർതിരിച്ച് സംഭരിക്കുകയും കൈമാറുകയും ചെയ്യുന്നത് 2000 ലെ മുനിസിപ്പൽ സോളിഡ് വേസ്റ്റ്(മാനേജ്മെന്റ് ആന്റ് ഹാൻഡ്ലിംഗ്) ചട്ടങ്ങൾ പ്രകാരം ആയിരിക്കേണ്ടതാണ്.

## 3. യൂസർ ഫീ

എല്ലാ മാലിന്യ ഉൽപാദകരും മാലിന്യ ശേഖരണത്തിനും തുടർ പ്രവർത്തനങ്ങൾക്കുമായി തദ്ദേശ സ്ഥാപനം രൂപീകരിക്കുന്ന ബൈലോ പ്രകാരമുള്ള യൂസർ ഫീ ഒടുക്കുവാൻ ബാധ്യസ്ഥരാണ്.

## 4. തുറന്ന സ്ഥലത്ത് പരിപാടികൾ സംഘടിപ്പിക്കുന്നവരുടെ ഉത്തരവാദിത്തം

പ്ലാസ്റ്റിക്കിലോ മൾട്ടി ലേയർ പാക്കറ്റുകളിലോ ഭക്ഷ്യവസ്തുക്കൾ വിതരണ ചെയ്യുന്നതുകൊണ്ടുണ്ടാകുന്ന മാലിന്യം, 2000 ലെ മുനിസിപ്പൽ സോളിഡ് വേസ്റ്റ്(മാനേജ്മെന്റ് ആന്റ് ഹാൻഡ്ലിംഗ്) ചട്ടങ്ങൾ പ്രകാരം വേർതിരിച്ച് നിയന്ത്രിക്കേണ്ടതാണ്. ആയതിന് ഓരോ സംഘാടകനും ഉത്തവാദിത്തം ഉണ്ടായിരിക്കുന്നതാണ്.

## നിർമ്മാതാക്കൾ, ഇറക്കുമതിക്കാർ, ബ്രാന്റിന്റെ ഉടമസ്ഥർ എന്നിവരുടെ ചുമതല (ചട്ടം 9)

- ചട്ടങ്ങൾ നിലവിൽ വന്ന് ആറു മാസത്തിനകം, പ്ലാസ്റ്റിക് ഉൽപാദകർ അല്ലെങ്കിൽ ബ്രാന്റിന്റെ ഉടമസ്ഥർ അവരുടെ ഉൽപ്പന്നങ്ങൾ മൂലം ഉണ്ടാകുന്ന മാലിന്യം സ്വന്തം നിലയ്ക്കോ തദ്ദേശ സ്ഥാപനം മുഖേനയോ ശേഖരിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കേണ്ടതാണ്.
- തങ്ങളുടെ ഉൽപ്പന്നങ്ങളുടെ മൾട്ടി ലെയർ പ്ലാസ്റ്റിക് പൗച്ചുകൾ, പാക്കറ്റുകൾ മുതലായ പ്ലാസ്റ്റിക് മാലിന്യങ്ങൾ തിരികെ എടുക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് സമർപ്പിക്കേണ്ടതാണ്.
- ചട്ടങ്ങൾ നിലവിൽ വന്ന് ഒരു വർഷത്തിനകം അത്തരത്തിലുള്ള പദ്ധതി സമർപ്പിക്കേണ്ടതും രണ്ടു വർഷത്തിനകം നടപ്പാക്കേണ്ടതുമാണ്.

## കംപോസ്റ്റബിൾ പ്ലാസ്റ്റിക്ക് (ചട്ടം 10)

ചട്ടങ്ങളിലെ ഷെഡ്യൂൾ I പ്രകാരമുള്ള ഇന്ത്യൻ സ്റ്റാന്റേർഡുകളിലെ പ്രോട്ടോക്കോളുകൾ പ്രകാരം തീരുമാനം എടുക്കേണ്ടതാണ്.

## പ്ലാസ്റ്റിക് ക്യാരി ബാഗ്, മൾട്ടി ലേയർ പാക്കറ്റുകൾ എന്നിവയിലെ ലേബലുകൾ/അടയാളപ്പെടുത്തലുകൾ (ചട്ടം 11)

ക്യാരി ബാഗുകളിൽ താഴെ പറയും പ്രകാരം ഇംഗ്ലീഷിൽ രേഖപ്പെടുത്തലുകൾ ഉണ്ടാകേണ്ടതാണ്.

- ✓ ക്യാരി ബാഗ് : നിർമ്മാതാവിന്റെ പേര്, രജി.നം., കനം.
- ✓ മൾട്ടി ലെയർ പാക്കറ്റ് : നിർമ്മാതാവിന്റെ പേര്, രജി.നം.
- റീസൈക്കിൾ ചെയ്ത ക്യാരി ബാഗുകളിൽ “recycled” എന്ന ലേബൽ പതിക്കുകയോ അടയാളപ്പെടുത്തുകയോ ചെയ്യേണ്ടതാണ്.
- കംപോസ്റ്റബിൾ പ്ലാസ്റ്റിക് കൊണ്ടുണ്ടാക്കിയ ക്യാരി ബാഗുകളിൽ “compostable” എന്ന ലേബൽ പതിക്കേണ്ടതാണ്.

## ചട്ടങ്ങൾ നടപ്പാക്കുന്നതിനുള്ള അധികാര സ്ഥാനങ്ങൾ (ചട്ടം 12)

### എ. മലിനീകരണ നിയന്ത്രണ ബോർഡ്/സമിതി

- നിർമ്മാതാക്കളുടെ രജിസ്ട്രേഷൻ, പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെയും മൾട്ടി ലേയർ പാക്കറ്റുകളുടേയും ഉൽപാദനം, പ്ലാസ്റ്റിക് മാലിന്യങ്ങളുടെ സംസ്കരണം, കയ്യൊഴിക്കൽ എന്നിവ ചട്ടങ്ങളിലെ നിബന്ധനകൾ പ്രകാരം നടപ്പാക്കേണ്ട ചുമതല സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്/സമിതിക്ക് ആയിരിക്കുന്നതാണ്.

### ബി. സംസ്ഥാന നഗര വികസന സെക്രട്ടറി

- പ്ലാസ്റ്റിക് ക്യാരി ബാഗുകൾ, പ്ലാസ്റ്റിക് ഷീറ്റുകൾ, പ്ലാസ്റ്റിക് കവറുകൾ, മൾട്ടി ലെയർ പാക്കറ്റുകൾ മുതലായവയുടെ ഉപയോഗത്തിലൂടെയുള്ള മാലിന്യ നിയന്ത്രണത്തിനായി ചട്ടങ്ങളിലെ നിബന്ധനകൾ നടപ്പാക്കുന്നതിനുള്ള അധികാരി നഗര വികസന സെക്രട്ടറി ആയിരിക്കുന്നതാണ്.

### സി. ഗ്രാമപഞ്ചായത്ത്

- **പ്ലാസ്റ്റിക് ക്യാരി ബാഗുകൾ, പ്ലാസ്റ്റിക് ഷീറ്റുകൾ, പ്ലാസ്റ്റിക് കവറുകൾ, മൾട്ടി ലെയർ പാക്കറ്റുകൾ മുതലായവയുടെ ഉപയോഗത്തിലൂടെയുള്ള മാലിന്യം ഗ്രാമപദേശങ്ങളിൽ നിയന്ത്രിക്കുന്നതിനായി ചട്ടങ്ങളിലെ നിബന്ധനകൾ നടപ്പാക്കുന്നതിനുള്ള അധികാരി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് ആയിരിക്കുന്നതാണ്.**

- ✓ സംസ്ഥാന മലിനീകരണ ബോർഡിനും ഗ്രാമപഞ്ചായത്തിനും, ചട്ടങ്ങൾ നടപ്പാക്കുന്നതിനായി ബന്ധപ്പെട്ട ജില്ലാ മജിസ്ട്രേറ്റിന്റെ സഹായം തേടാവുന്നതാണ്.

## നിർമ്മാതാക്കൾ, റീസൈക്കിൾ ചെയ്യുന്നവർ എന്നിവരുടെ രജിസ്ട്രേഷൻ (ചട്ടം 13)

പ്ലാസ്റ്റിക് നിർമ്മാതാക്കൾ, റീസൈക്കിൾ ചെയ്യുന്നവർ, മുതലായവർ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

## ചില്ലറ വ്യപാരികളുടേയും തെരുവ് കച്ചവടക്കാരുടേയും ഉത്തരവാദിത്തം (ചട്ടം 14)

- ചട്ടങ്ങളിലെ നിബന്ധനകൾ പ്രകാരം നിർമ്മിക്കപ്പെടാത്തതും ലേബൽ പതിക്കാത്തതും ആയ ക്യാരി ബാഗുകൾ, പ്ലാസ്റ്റിക് ഷീറ്റുകൾ, മൾട്ടി ലെയർ പാക്കറ്റുകൾ എന്നിവയിൽ ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുവാൻ പാടുള്ളതല്ല.
- നിബന്ധനകൾ പാലിക്കാത്ത ചില്ലറ വ്യാപാരികളും തെരുവ് കച്ചവടക്കാരും തദ്ദേശ സ്ഥാപനത്തിന്റെ ബൈലോ പ്രകാരമുള്ള പിഴ ഒടുക്കുവാൻ ബാധ്യസ്ഥരായിരിക്കുന്നതാണ്.

## ക്യാരി ബാഗുകൾ കൈകാര്യം ചെയ്യുന്നവർക്കുള്ള രജിസ്ട്രേഷൻ ഫീസ് (ചട്ടം 15)

- തദ്ദേശ സ്ഥാപനത്തിന് ഒരു നോട്ടിഫിക്കേഷനിലൂടെയോ നിയമാനുസൃത ഉത്തരവിലൂടെയോ ബൈലോകളിലൂടെയോ ക്യാരി ബാഗുകളിൽ സാധനങ്ങൾ വിൽപ്പന നടത്തുന്ന ഷോപ്പ് ഉടമകൾക്കും തെരുവു കച്ചവടക്കാർക്കും രജിസ്ട്രേഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.
- രജിസ്ട്രേഷനായി പ്ലാസ്റ്റിക്ക് മാലിന്യ നിയന്ത്രണ ഫീസ് ഇനത്തിൽ കുറഞ്ഞത് പ്രതിവർഷം 48000 രൂപ (പ്രതിമാസം 4000 രൂപ) തദ്ദേശ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണ്. ക്യാരി ബാഗുകളുടെ ഉപയോഗത്തിന്റെ തോത് അനുസരിച്ച്, കൂടുതൽ നിരക്ക് തദ്ദേശ സ്ഥാപനത്തിന് നിശ്ചയിക്കാവുന്നതാണ്.
- രജിസ്റ്റർ ചെയ്യുന്ന ഷോപ്പ് ഉടമകൾക്കും തെരുവു കച്ചവടക്കാർക്കും മാത്രമേ ഉപഭോക്താക്കൾക്ക് പ്ലാസ്റ്റിക് ക്യാരി ബാഗുകൾ വിതരണം ചെയ്യുന്നതിനുള്ള അർഹതയുണ്ടാവുകയുള്ളൂ.
- അത്തരത്തിൽ ഈടാക്കുന്ന ഫീസ്, തദ്ദേശ സ്ഥാപനം തങ്ങളുടെ പരിധിയിലെ സുസ്ഥിര മാലിന്യ സംസ്കരണ പദ്ധതിക്കായി മാത്രം പ്രയോജനപ്പെടുത്തേണ്ടതാണ്.

## പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗ നിയന്ത്രിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച സർക്കുലർ

കേരള സർക്കാർ

നം 576/ഡി സി.1/16/ തസ്വഭവ

തദ്ദേശ സ്വയം ഭരണ (ഡി സി ) വകുപ്പ്
തിരുവനന്തപുരം,തീയതി 24.09.2016

**സർക്കുലർ**

വിഷയം : തദ്ദേശ സ്വയം ഭരണ വകുപ്പ് - പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ന്റെ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം സംബന്ധിച്ച മാർഗ നിർദേശങ്ങൾ പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്

സൂചന: പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016

പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ലെ നിർദേശാനുസരണം പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം സംബന്ധിച്ച് ചുവടെ പറയുന്ന മാർഗ നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു

1. വില്പന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത പ്ളാസ്റ്റിക്ക് ക്യാരി ബാഗുകളിൽ മാത്രമേ വിതരണം ചെയ്യാൻ പാടുള്ളൂ.

2. വില്പന സാധനങ്ങൾ പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ വിതരണം ചെയ്യുന്ന വ്യാപാരികളും തെരുവ് കച്ചവടക്കാരും അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കണം.

3. ഒരു മാസം കുറഞ്ഞത് 4000/- (നാലായിരം) രൂപ നിരക്കിൽ ഒരു വർഷത്തേയ്ക്ക് 48000/- (നാല്പത്തെണ്ണായിരം) രൂപ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഫീയായി ഈടാക്കി മേൽ പ്രകാരം രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി വിജ്ഞാപനം / ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്

4. പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗത്തിന്റെ തോത് അനുസരിച്ച് കൂടുതൽ തുക പ്ലാസ്റ്റിക് മാലിന്യ പരിപാലന ഫീയായി വ്യാപാരികളിൽ നിന്നും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്.

5. പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് വില ഈടാക്കുന്നതാണ് എന്ന വിവരം വ്യക്തമായ രീതിയിൽ കച്ചവട സ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കേണ്ടതാണ്.

6. പ്ലാസ്റ്റിക് മാലിന്യ പരിപാലന ഇനത്തിൽ ലഭ്യമാകുന്ന തുക അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ അവരുടെ അധികാര പരിധിയിൽ സുസ്ഥിര മാലിന്യ പരിപാലന സംവിധാനങ്ങൾക്കായി ഉപയോഗപ്പെടുത്തേണ്ടതാണ്.

**ടി.പി വിജയകുമാർ**
**ഗവ.സ്പെഷ്യൽ സെക്രട്ടറി**

## സംസ്ഥാനതല മോണിറ്ററിംഗ് സമിതി (ചട്ടം 16)

ചട്ടങ്ങൾ നടപ്പാക്കുന്നത് വിലയിരുത്തുന്നതിനായി സംസ്ഥാനതലത്തിൽ ഒരു ഉപദേശക സമിതി രൂപീകരിക്കേണ്ടതാണ്. ആറു മാസത്തിലൊരിക്കലെങ്കിലും സമിതി യോഗം ചേരേണ്ടതാണ്.

## വാർഷിക റിപ്പോർട്ടുകൾ (ചട്ടം 17)

| റിപ്പോർട്ട് ഫോറം നമ്പർ | ഉള്ളടക്കം | സമയ പരിധി |
|---|---|---|
| IV | • റീസൈക്ലിംഗ് നടത്തുന്നവർ, പ്ലാസ്റ്റിക് സംസ്കരണം നടത്തുന്നവർ എന്നിവർ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിന് വാർഷിക റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.<br>• സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് പകർപ്പ് നൽകേണ്ടതാണ്. | ഏപ്രിൽ 30 |
| V | • ഓരോ തദ്ദേശ സ്ഥാപനവും വാർഷിക റിപ്പോർട്ട് തയ്യാറാക്കി നഗര വികസന വകുപ്പ് സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്.<br>• സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് പകർപ്പ് നൽകേണ്ടതാണ്. | ജൂൺ 30 |
| VI | • സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് വാർഷിക റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന് (CPCB ) സമർപ്പിക്കേണ്ടതാണ്. | ജൂലൈ 31 |
| ക്രോഡീകരിച്ച വാർഷിക റിപ്പോർട്ട് | • കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ്, വാർഷിക റിപ്പോർട്ടുകൾ ക്രോഡീകരിച്ച് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കേണ്ടതാണ്. | ഓഗസ്റ്റ് 31 |

## അനുബന്ധങ്ങൾ

| അനുബന്ധം | വിശദാംശം |
|---|---|
| ഷെഡ്യൂൾ I | ഡീഗ്രേഡബിൾ പ്ലാസ്റ്റിക് സാമഗ്രികൾക്കുള്ള വിവിധ ഇന്ത്യൻ സ്റ്റാൻഡേർഡുകൾ |
| ഫോറം I | നിർമ്മാതാക്കൾ/ബ്രാൻഡ് ഉടമ എന്നിവർക്കുള്ള രജിസ്ട്രേഷനുള്ള അപേക്ഷാ ഫോറം. |
| ഫോറം II | പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിൽ/റീ സൈക്ലിംഗിൽ ഏർപ്പെട്ടിട്ടുള്ള യൂണിറ്റുകൾക്കുള്ള രജിസ്ട്രേഷനുള്ള അപേക്ഷാ ഫോറം. |
| ഫോറം III | പ്ലാസ്റ്റിക് അസംസ്കൃത വസ്തുക്കളുടെ നിർമ്മാതാക്കൾക്കുള്ള രജിസ്ട്രേഷനുള്ള അപേക്ഷാ ഫോറം. |
| ഫോറം IV | പ്ലാസ്റ്റിക് റീസൈക്ലിംഗ്/പ്ലാസ്റ്റിക് സംസ്കരണം നടത്തുന്നവർ തദ്ദേശ സ്ഥാപനത്തിന് സമർപ്പിക്കേണ്ട വാർഷിക റിപ്പോർട്ടിന്റെ മാതൃക. |

| | |
|---|---|
| ഫോറം V | തദ്ദേശ സ്ഥാപനം തയ്യാറാക്കി സമർപ്പിക്കേണ്ട വാർഷിക റിപ്പോർട്ടിന്റെ മാതൃക. |
| ഫോറം VI | സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് തയ്യാറാക്കി സമർപ്പിക്കേണ്ട വാർഷിക റിപ്പോർട്ടിന്റെ മാതൃക. |

- പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണത്തിനായി ചട്ടങ്ങളിലെ ഉത്തരവാദിത്തം നിറവേറ്റുവാൻ തദ്ദേശ സ്ഥാപനങ്ങൾ ശ്രമിക്കേണ്ടതുണ്ട്.
- ചട്ടങ്ങൾ പ്രകാരം ലഭ്യമായ അധികാരങ്ങൾ ശരിയായി പ്രയോഗിച്ചാൽ ഒരു പരിധി വരെ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ നിയന്ത്രണം സാധ്യമാകുന്നതാണ്.
- സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കൂടി ഈ വിഷയത്തിൽ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## വിവിധ തരം പ്ലാസ്റ്റിക്കുകളും അവയുടെ ഉപയോഗങ്ങളും

താഴെ പറയുന്ന പട്ടികയിൽ വിവിധ തരം പ്ലാസ്റ്റിക്കുകളെ സൂചിപ്പിക്കുന്നതിനുള്ള ചിഹ്നങ്ങളും ഉപയോഗങ്ങളും സൂചിപ്പിച്ചിട്ടുണ്ട്.

| S. No. | Symbol | Short Name | Scientific Name | Uses |
|---|---|---|---|---|
| 1 |  | PET | Polyethylene terephthalate | Soft drink bottles, furniture, carpet, paneling etc. |
| 2 |  | HDPE | High-density polyethylene | Bottles, carry bags, milk pouches, recycling bins, agricultural pipe, base cups, playground equipment etc. |
| 3 |  | PVC | Polyvinyl chloride | Pipe, Window profile, fencing, flooring, shower curtains, lawn chairs, non-food bottles and children's toys etc. |
| 4 |  | LDPE | Low-density polyethylene | Plastic bags, various containers, dispensing bottles, wash bottles, tubing etc. |
| 5 |  | PP | Polypropylene | Auto parts, industrial fibers, food containers, dishware etc. |
| 6 |  | PS | Polystyrene | Cafeteria trays, plastic utensils, toys, video cassettes and cases, clamshell containers, insulation board etc. |
| 7 |  | O | Other | Thermoset Plastics, Multilayer and Laminates, Bakelite, Polycarbonate, Nylon SMC, FRP etc. |



## പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണം – ഫ്ളോ ഡയഗ്രം



## മാലിന്യ നിയന്ത്രണത്തിനായി കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മറ്റ് പ്രധാനപ്പെട്ട ചട്ടങ്ങൾ

പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങൾ കൂടാതെ, 2016 ൽ കേന്ദ്ര സർക്കാർ താഴെ പറയുന്ന ചട്ടങ്ങൾ കൂടി പുറപ്പെടുവിച്ചിട്ടുണ്ട്.

- Solid Waste Management Rules, 2016
- Bio-Medical Waste Management Rules, 2016
- Construction and Demolition Waste Management Rules, 2016
- E-Waste (Management) Rules, 2016
- Hazardous and Other Wastes (Management and Transboundary Movement) Rules, 2016

സമഗ്രവും സുസ്ഥിരവുമായ മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുമ്പോൾ മേൽ ചട്ടങ്ങളിലെ നിബന്ധനകൾ കൂടി കണക്കിലെടുക്കേണ്ടതാണ്.



## റഫറൻസ്


- Plastic Waste Management Rules, 2016
- Capacity Building Program on Implementation of Waste Management Rules, 2016 – Handbook


## എഡിറ്റിംഗ്

ശ്രീമതി.കെ.വി.സുസ്മിത, അസി. ഓഡിറ്റ് ഓഫീസർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

## തയ്യാറാക്കിയത്

സി.എസ്.സന്തോഷ്
ഓഡിറ്റ് ഓഫീസർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
cscholayilttm@gmail.com

**സ്വകാര്യ ആവശ്യത്തിനായി തയ്യാറാക്കിയത്**

**പാലക്കാട്,**
**31–12–2018**